**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2181** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഹോമിയോപ്പതി വകുപ്പിലെ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട സ്പെഷൽ റൂൾ ഏതുവർഷമാണ് നിലവിൽ വന്നതെന്നറിയിക്കാമോ; പ്രസ്തുത ചട്ടം വീണ്ടും ഭേദഗതി ചെയ്യുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) | ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ നിലവിൽ വന്നത് 27.05.1999 ലാണ് (G.O(P)No. 185/99/H&FWD). ആയത് G.O(P)No. 17/2018/ആയുഷ് തീയതി 13.09.2018 പ്രകാരം ഭേദഗതി വരുത്തിയിരുന്നു. ടി സ്പെഷ്യൽ റൂളിൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ നിർദ്ദേശപ്രകാരം ബൈ ട്രാൻസ്ഫർ നിയമന ശിപാർശ സുഗമമായി നിർവ്വഹിക്കുന്നതിലേയ്ക്കായി നോട്ട് 1 നോടൊപ്പം ടി വിഭാഗങ്ങൾക്കായി (Nurse, Pharmacist, Clerk) പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ് എന്ന വ്യവസ്ഥ കൂടി ചേർക്കേണ്ടതാണെന്നും നോട്ട് 2 ലെ വ്യവസ്ഥയിൽ നിന്നും “on the date of occurrence of vacancy” എന്നത് മാറ്റേണ്ടതാണെന്നും ഭേദഗതി വരുത്തുന്നതിന് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ഫയൽ നം.ബി3/213/2022-ആയുഷ് - ൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത്ത് എത്രയാണെന്നും കഴിഞ്ഞ പതിനഞ്ച് വർഷത്തിനുള്ളിൽ ഹോമിയോ ഫാർമസിസ്റ്റ്, നേഴ്സ്, ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്ത എത്ര ജീവനക്കാർക്ക് മെഡിക്കൽ ഓഫീസർമാരായി ബൈട്രാൻസ്ഫർ പ്രമോഷൻ ലഭിച്ചിട്ടുണ്ടെന്നും ഇത് ആകെയുള്ള മെഡിക്കൽ ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത്തിന്റെ എത്ര ശതമാനം ആണെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ; | (ബി) | വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത്ത് 656 ആണ്. കഴിഞ്ഞ പതിനഞ്ച് വർഷത്തിനുള്ളിൽ ഹോമിയോ ഫാർമസിസ്റ്റ്, നഴ്സ്,ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്ത 29 ജീവനക്കാർക്ക് മെഡിക്കൽ ഓഫീസർമാരായി ബൈട്രാൻസ്ഫർ പ്രമോഷൻ ലഭിച്ചിട്ടുണ്ട്. ഇത് ആകെയുള്ള കേഡർ സ്ട്രെങ്ത്തിന്റെ 4.42% ആണ്. |
| (സി) | ഹോമിയോപ്പതി വകുപ്പിലെ അറ്റൻഡർ- ഫാർമസിസ്റ്റ് ബൈട്രാൻസ്ഫർ പ്രമോഷന്റെ നിയമന അനുപാതം വ്യക്തമാക്കാമോ; | (സി) | ഹോമിയോപ്പതി വകുപ്പിലെ അറ്റൻഡർ - ഫാർമസിസ്റ്റ് ബൈട്രാൻസ്ഫർ പ്രമോഷന്റെ നിയമന അനുപാതം 1 : 1 ആണ്. |
| (ഡി) | അഞ്ചര വർഷം ശൂന്യവേതന പഠനാവധിയിൽ പോയി ബി.എച്ച്.എം.എസ് യോഗ്യത നേടുന്ന മേൽ | (ഡി) | ശൂന്യ വേതന അവധിയിൽ (KSR Part I അനുബന്ധം XII B) പഠനത്തിനായി പോകുന്ന |

| | | | |
|---|---|---|---|
| | വിഭാഗം ജീവനക്കാരുടെ പ്രസ്തുത കാലയളവ് ഏതൊക്കെ സർവ്വീസ് ആനുകൂല്യങ്ങൾക്കാണ് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ; വ്യക്തമാക്കാമോ? | | ജീവനക്കാർക്ക് പ്രസ്തുത കാലയളവ് ഒരു സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല. മേൽ ചട്ട പ്രകാരം പ്രൊബേഷൻ കാലയളവിൽ പഠനാവധിയിൽ പോകുന്ന ജീവനക്കാർ തിരികെ ജോലിയിൽ പ്രവേശിച്ച തീയതി മുതൽക്കേ സർവ്വീസ് കണക്കാക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ